**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2174** **07.07.2015 ൽ മറുപടിയ്ക്ക്**

## പതിനായിരം സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്ബറി പൈ കമ്പ്യൂട്ടറുകൾ നൽകുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | മറുപടി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) |
|---|---|
| (എ) പതിനായിരം സ്കൂൾ വിദ്യാർത്ഥി കൾക്ക് റാസ്ബറി പൈ കമ്പ്യൂട്ടറുകൾ നൽകുന്നതിനായി 2014-2015 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) ഐ.ടി@സ്കൂൾ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുത്ത 2500 പേർക്ക് റാസ്ബറി പൈ കിറ്റ് ഇതിനകം നൽകി കഴിഞ്ഞു. |
| (ബി) ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; | (ബി) ടി-ടി ബി ഐ, ഐ.ടി@സ്കൂൾ, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്നിവരുടെ ആഭിമുഖ്യത്തിൽ ആണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (സി) ഇതിനായി എത്ര തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുകയുണ്ടായി ; | (സി) ഇതിനായി 2014-15 ൽ 4 കോടി രൂപയും 2015-2016-ൽ 5.5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയുണ്ടായോ ; | (ഡി) ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ ഐ.ടി@സ്കൂൾ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ഇ) എത്ര വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചുവെന്നും ഓരോ ജില്ലയിൽ നിന്നും എത്ര വിദ്യാർത്ഥികളെ വീതം | (ഇ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് ഐ.ടി@സ്കൂളിന്റെ നേതൃത്വത്തിൽ |

| | |
|---|---|
| തെരഞ്ഞെടുത്തുവെന്നും വ്യക്തമാക്കുമോ? | നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ ഓരോ സ്കൂളിൽ നിന്നും ഒരു മികച്ച വിദ്യാർത്ഥി എന്ന രീതിയിൽ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്. ജില്ലാ അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ? | (എഫ്) പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി 2500 ഓളം വിദ്യാർത്ഥികളെ ഐ.ടി@സ്കൂൾ മുഖേന തെരഞ്ഞെടുക്കുകയും അവർക്ക് റാസ്ബറി പൈ കിറ്റ് നൽകുകയും ചെയ്തു. അവസാന ഘട്ടമായ 'ഡെമോ ഡേ' നടത്തുന്നതിനായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം 'ഡെമോ ഡേ'യിൽ നടത്തുകയും തെരഞ്ഞെടുക്കുന്ന മികച്ച വിദ്യാർത്ഥിക്ക് പാരിതോഷികം നൽകുന്നതുമാണ്. 2015-16 ൽ 7500-ഓളം വിദ്യാർത്ഥികൾക്കു കൂടി റാസ്ബറി പൈ കിറ്റ് നൽകുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| നമ്പർ | ജില്ല | തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 224 |
| 2 | കൊല്ലം | 211 |
| 3 | പത്തനംതിട്ട | 132 |
| 4 | കോട്ടയം | 221 |
| 5 | ഇടുക്കി | 108 |
| 6 | ആലപ്പുഴ | 193 |
| 7 | എറണാകുളം | 271 |
| 8 | തൃശ്ശൂർ | 236 |
| 9 | പാലക്കാട് | 168 |
| 10 | മലപ്പുറം | 182 |
| 11 | കോഴിക്കോട് | 180 |
| 12 | വയനാട് | 76 |
| 13 | കണ്ണൂർ | 174 |
| 14 | കാസർഗോഡ് | 125 |